**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4621**
**2018 മാർച്ച് 22-നുള്ള മറുപടിയ്ക്ക്**

സർക്കാർ ജീവനക്കാരുടെ ഭവന വായ്പ പദ്ധതി

| | ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ്.പി | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|---|
| (എ) | സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഭവന വായ്പ പദ്ധതി മരവിപ്പിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ പദ്ധതി മരവിപ്പിച്ചിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തിൽ 344 അപേക്ഷകളിൽ വായ്പ അനുവദിക്കുന്നതിന് തുക വിവിധ സർക്കാർ വകുപ്പുകളിലേക്ക് അലോട്ട് ചെയ്തു കഴിഞ്ഞു. ഇനി 2017-18 ലെ ഭവന നിർമ്മാണ വായ്പാ മുൻഗണനാപ്പട്ടികയിൽ അവശേഷിക്കുന്നവർക്കെല്ലാം വായ്പ അനുവദിക്കുവാൻ ആവശ്യമായ തുക വരുന്ന സാമ്പത്തിക വർഷത്തിൽ അലോട്ട് ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ ഭവന വായ്പയ്ക്ക് എത്ര പേർ അപേക്ഷ നൽകിയിട്ടുണ്ട്; വെളിപ്പെടുത്തുമോ; | 2017-18 സാമ്പത്തിക വർഷത്തിൽ സർക്കാരിന്റെ സംയോജിത ഭവന നിർമ്മാണ വായ്പാ മുൻഗണനാപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത് ആകെ 2889 അപേക്ഷകളാണ്. |
| (സി) | നിലവിൽ അപേക്ഷ സമർപ്പിച്ചവർക്ക് ഭവന വായ്പ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | 2017-18 സാമ്പത്തിക വർഷത്തിൽ 344 അപേക്ഷകളിൽ വായ്പ അനുവദിക്കുന്നതിന് തുക വിവിധ സർക്കാർ വകുപ്പുകളിലേക്ക് അലോട്ട് ചെയ്തു കഴിഞ്ഞു. 2017-18 ലെ ഭവന നിർമ്മാണ വായ്പാ മുൻഗണനാപ്പട്ടികയിൽ അവശേഷിക്കുന്നവർക്കെല്ലാം വായ്പ അനുവദിക്കുന്നതിനാവശ്യമായ തുക വരുന്ന സാമ്പത്തിക വർഷത്തിൽ അലോട്ട് ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ